Central Institute of Indian Languages
(Ministry of Human Resource Development)
Department of Higher Education, Government of India,
Manasagangothri, Hunsur Road, Mysore - 570006

F.No. CESCM/Recruitment/2022 **Date: 28/12/2022**
Revised: 06.01.2023

സെന്റർ ഓഫ് എക്സലൻസ് ഫോർ സ്റ്റഡീസ് ഇൻ ക്ലാസിക്കൽ മലയാളത്തിലേക്ക് പ്രോജക്റ്റ് സ്റ്റാഫുകളെ ക്ഷണിക്കുന്നു.

മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷ പദവി ലഭ്യമായതിനെ തുടർന്ന് ഇന്ത്യാഗവൺമെൻറ് ആരംഭിച്ച സെന്റർ ഓഫ് എക്സലന്റ്സ് ഫോർ സ്റ്റഡീസ് ഇൻ ക്ലാസിക്കൽ മലയാളം (CESCM) എന്ന സംരംഭത്തിലേക്ക് "**കരാറടിസ്ഥാനത്തിൽ**" താഴെ പറയുന്ന തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്.

ശ്രേഷ്ഠഭാഷയായ മലയാളത്തെക്കുറിച്ചുള്ള ഗവേഷണം, ഡോക്യുമെൻറേഷൻ, പ്രചരണം, അഭ്യസിപ്പിക്കൽ എന്നിവ ഉൾപ്പെടുന്ന മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് തയ്യാറാക്കിയ വിവിധ പദ്ധതികളിലും പ്രവർത്തനങ്ങളിലും CESCM പ്രവർത്തിക്കും. ഇന്ത്യയിലെ സംസ്ഥാനങ്ങളിലോ/കേന്ദ്ര ഭരണ പ്രദേശങ്ങളിലോ വിദേശങ്ങളിലോ ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ നടത്തിയ ഇത്തരത്തിലുള്ള പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുകയും ലോകത്തിലെ മറ്റ് ക്ലാസിക്കൽ ഭാഷകളിലെ പഠനങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്യും.

Sl. No.	തസ്തികയുടെ പേര്	തസ്തികകളുടെ	പ്രതിമാസ

		എണ്ണം	ഏകീകൃത ശമ്പളം / ഓണറേറിയം
	അക്കാദമിക് തസ്തികകൾ		
1	സീനിയർ ഫെലോ (അക്കാദമിക്) എസ്ആർപി	04	41,000
2	സീനിയർ ഫെലോ (സാങ്കേതികം) എസ്ആർപി*	01	41,000
3	അസോസിയേറ്റ് ഫെലോ (അക്കാദമിക്)	09	37,000
4	അസോസിയേറ്റ് ഫെലോ (വിവർത്തകർ) ജെആർപി-ഗ്രേഡ്- 1	01	37,000
	അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ		
5.	ഓഫീസ് സൂപ്രണ്ട് /സൂപ്പർവൈസർ (അഡ്മിനിസ്ട്രേഷൻ)	01	37,800
6.	അസിസ്റ്റൻറ് ഗ്രേഡ് -1 (അക്കൌണ്ട്സ് / അഡ്മിൻ) യുഡിസി	01	27,200
7.	അസിസ്റ്റൻറ് ഗ്രേഡ് -11 (അക്കൌണ്ട്സ് / അഡ്മിൻ) എൽഡിസി	02	21,200
8.	ലൈബ്രറി അസിസ്റ്റൻറ്	01	27,200
9.	എംടിഎസ്	01	19,200

സീനിയർ ഫെലോ / അസോസിയേറ്റ് ഫെലോ അക്കാദമിക തസ്തികകളിലേക്കുള്ള നിബന്ധനകൾ:

1. **ഗവേഷണ കാലാവധി 12 മാസമാണ് (10+2). ഇത് ദീർഘിപ്പിക്കുന്നതിനുള്ള അവകാശം സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.**
2. ***ഡിസിപ്ലിൻ / ഗവേഷണതലം*** *: ഭാഷാ ശാസ്ത്രം, സാഹിത്യം, ശിലാലിഖിതം, വ്യാകരണം, തർജ്ജമ, ചരിത്രം, സമൂഹ ശാസ്ത്രം, നരവംശ ശാസ്ത്രം, പുരാവസ്തു ശാസ്ത്രം, കൈയെഴുത്തുശാസ്ത്രം, നാണയ ശാസ്ത്രം, വിദ്യാഭ്യാസം, നാടോടി വിജ്ഞാനീയം, സംഗീതം, നൃത്തം, നാടകം /രംഗകല മുതലായവ.*
3. ഓരോ ഗവേഷണ വിഷയത്തിന്റെയും പ്രബന്ധ സംഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയുടെ ചുരുക്കപട്ടിക തയ്യാറാക്കുന്നതാണ്.
4. ചുരുക്കപട്ടികയിലെ ഉദ്യോഗാർത്ഥികളെ അന്തിമ അഭിമുഖത്തിന് ക്ഷണിക്കുന്നതായിരിക്കും.
5. തിരെഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ **എത്രയും പെട്ടെന്ന്** ഗവേഷണപ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറായിരിക്കണം.
6. അപേക്ഷകർക്ക് ഒന്നിൽ കൂടുതൽ വിഷയങ്ങളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആയതിലേക്ക് അവർ വിഷയാസ്പദമായി പ്രത്യേകം പ്രത്യേകം പ്രബന്ധ സംഗ്രഹം സമർപ്പിക്കേണ്ടതുണ്ട്.
7. **പ്രബന്ധ സംഗ്രഹവും മറ്റ് അനുബന്ധ രേഖകളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.**
8. തിരഞ്ഞെടുക്കപ്പെടുന്നവർ സ്ഥാപനത്തിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കേണ്ടതും സ്ഥാപനത്തിന്റെ വ്യവസ്ഥകൾക്കും മാർഗ്ഗരേഖകൾക്കും വിധേയമായി ഉടമ്പടിയിൽ ഒപ്പുവയ്ക്കേണ്ടതുമാണ്.

അസോസിയേറ്റ് ഫെലോ (സാങ്കേതികം)നിബന്ധനകൾ:

1. അപേക്ഷകർക്ക് വെബ്സൈറ്റ് ഡവലപ്പ് ചെയ്യുവാനും പരിപാലിക്കുവാനും ഡേറ്റ അപ്ലോഡ് ചെയ്യാനും, വെബ്സൈറ്റ് സംബന്ധമായതും അനുബന്ധവുമായ സാങ്കേതിക പ്രശ്നങ്ങൾ പരിഹിരിക്കുവാനുമുള്ള കഴിവ് ഉണ്ടായിരിക്കണം.
2. പ്രസ്തുത മേഖലയില് ആവശ്യമായ യോഗ്യതയും പ്രവൃത്തി പരിചയവുമുണ്ടായിരിക്കേണ്ടതാണ്.
3. മലയാള ഭാഷയില് പരിജ്ഞാനമുണ്ടായിരിക്കണം. (മലയാളം വായിക്കുവാനും, ആശയവിനിമയം നടത്തുവാനും, ടൈപ്പ് ചെയ്യുവാനുമുള്ള കഴിവുണ്ടായിരിക്കണം.)

അസോസിയേറ്റ് ഫെലോ (വിവർത്തകർ):

1. മലയാളത്തിൽനിന്നും ഇംഗ്ലീഷിലേക്കോ ഹിന്ദിയിലേക്കോ വിവർത്തനം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണം

അസോസിയേറ്റ് ഫെലോ (സാങ്കേതികം)

1. അധികാരപ്പെട്ടവർ ഏൽപ്പിക്കുന്ന ജോലി സ്വന്തമായി കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടായിരിക്കണം.

സീനയർ ഫെലോകളുടെയും അസോസിയേറ്റ് ഫെലോകളുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും:

1. ഓരോരുത്തരും അവരവർക്ക് നൽകിയിട്ടുള്ള മേഖലകളിൽ കർത്തവ്യ നിർവ്വഹണം നടത്തേണ്ടതാണ്.
2. സീനിയർ ഫെലോകളും അസോസിയേറ്റ് ഫെലോകളും വിദഗ്ധ സമിതിയുടെയും പ്രോജക്ട് ഡയറക്ടറുടെയും മാർഗ്ഗനിർദ്ദേശാനുസരണം അവരവർക്ക് അനുവദിച്ച മേഖലകളിൽ പ്രവർത്തിക്കേണ്ടതാണ്.
3. സീനിയർ ഫെലോകളുടേയും അസോസിയേറ്റ് ഫെലോകളുടേയും പ്രവർത്തനപുരോഗതി വിദഗ്ധ സമിതിയോ പ്രോജക്ട് ഡയറക്ടറോ പ്രതിമാസാടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാക്കുന്നതും തൃപ്തികരമായ

പുരോഗതി അനുസരിച്ചുമാത്രം പ്രതിഫലം നൽകുന്നതുമായിരിക്കും.

4. സീനിയർ ഫെലോകളും അസോസിയേറ്റ് ഫെലോകളും ഗവേഷണപ്രവർത്തനങ്ങൾ സ്വന്തമായി നടത്തേണ്ടതാണ്. മാസം തോറും / നാലുമാസത്തിലൊരിക്കൽ പ്രൊജക്ട് ഡയറക്ടർ/വിദഗ്ധ സമിതി പുരോഗതി വിലയിരുത്തുന്നതാണ്.
5. മാസംതോറുമുള്ള പ്രവർത്തന പുരോഗതി സീനിയർ ഫെലോയും അസോസിയേറ്റ് ഫെലോയും പ്രൊജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
6. പ്രൊജക്ട് ഡയറക്ടർ പുരോഗതി റിപ്പോർട്ട് അംഗീകരിച്ചതിനു ശേഷം മാത്രമേ മാസിക വേതനം നൽകുകയുള്ളൂ.
7. ഫെലോകളുടെ നാലുമാസം കൂടുമ്പോഴുള്ള റിപ്പോർട്ട് വിദഗ്ധ സമിതി പുനഃപരിശോധിക്കുന്നതായിരിക്കും.
8. അനുവദിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ (10+2 മാസങ്ങൾ) പ്രൊജക്ട് പൂർത്തീകരിക്കേണ്ടതും പന്ത്രണ്ടാം മാസാവസാനത്തിൽ അന്തിമ പ്രബന്ധം സമർപ്പിക്കേണ്ടതുമാണ്.

നിബന്ധനകളും ഉപാധികളും:

1. സെന്റർ ഓഫ് എക്സലൻസ് ഫോർ സ്റ്റഡീസ് ഇൻ ക്ലാസിക്കൽ മലയാളം (CESCM) എന്ന ഇന്ത്യാ ഗവൺമെൻറ് സംരംഭത്തിന് കരാർ അടിസ്ഥാനത്തിൽ തസ്തികകൾ നികത്തേണ്ടതുണ്ട്.
2. സിഇഎസ്സിഎമ്മിന്റെ പ്രൊജക്ട് സ്റ്റാഫിന്റെ നിയമന അധികാരി സി.ഐ.ഐ.എൽ ഡയറക്ടർ ആണ്. നിലവിലെ ഉദ്യോഗസ്ഥന്റെ സേവനം തൃപ്തികരമല്ലെന്ന് കണ്ടെത്തുകയോ പെരുമാറ്റ ദൂഷ്യം ഉള്ളതായി തെളിയുകയോ, ധനദുർവിനിയോഗം നടത്തിയതായി കണ്ടെത്തുകയോ ചെയ്താൽ അയാളെ നീക്കം ചെയ്യാനുള്ള അധികാരവും ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

3. സീനിയർ ഫെലോ (ടെക്നിക്കൽ)യുടെ ജോലിസ്ഥലം സി.ഐ.ഐ.എൽ മൈസൂരായിരിക്കും.
4. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ സേവന കാലാവധി തുടക്കത്തിൽ ഒരു വർഷമായിരിക്കും. ഇത് പ്രകടനത്തിന്റേയും വാർഷിക അവലോകനത്തിന്റേയും അടിസ്ഥാനത്തിൽ വർധിപ്പിക്കാവുന്നതാണ്.
5. താൽപര്യമുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷകൾ പ്രബന്ധ സംഗ്രഹത്തോടും അനുബന്ധരേഖകളോടും കൂടി https://apply.ciil.org എന്ന ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കേണ്ടതാണ്.
6. അപേക്ഷ ലഭിക്കാനുള്ള അവസാന തീയതി സി.ഐ.ഐ.എൽ വെബ്സൈറ്റിൽ ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച തീയതി മുതൽ 21 ദിവസത്തേക്കായിരിക്കും.
7. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
8. അപേക്ഷകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ ഉള്ള അവകാശം പൂർണമായും ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ തീരുമാനം അന്തിമമായിരിക്കും.
9. **തസ്തികകളുടെ എണ്ണം കൂട്ടാനോ കുറയ്ക്കാനോ/അതിസമർത്ഥരായ ഉദ്യോഗാർത്ഥികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ യോഗ്യതാ മാനദണ്ഡത്തിൽ ഇളവുവരുത്താനോ ഉള്ള അധികാരം ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാണ്.**
10. അപൂർണ്ണവും നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
11. ഉദ്യോഗത്തിലുള്ളവർ അവരുടെ അപേക്ഷകൾ മേലുദ്യോഗസ്ഥൻ മുഖേന അയക്കേണ്ടതാണ്. അവസാന തീയ്യതിക്ക് മുമ്പായി സി.ഐ.ഐ.എൽ ഡയറക്ടർക്ക് ലഭിക്കുംവിധം ഒരു മുൻകൂർ അപേക്ഷ അയക്കേണ്ടതുമാണ്.
12. ഇന്റർവ്യൂവിൽ പങ്കെടുക്കാനായി TAയോ DAയോ നൽകുന്നതല്ല.

13. കൂടി https://apply.ciil.org എന്ന ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കേണ്ടതാണ്.
14. ഉദ്യോഗാർത്ഥിയേയോ തെരഞ്ഞെടുപ്പിനെയോ സംബന്ധിച്ച വിഷയങ്ങളിൽ ഉത്തരവാദിത്തപ്പെട്ട അധികാരികളുടെ തീരുമാനം അന്തിമമായിരിക്കും.
15. "**2022 മാർച്ച് 8 ലെ വിജ്ഞാപനപ്രകാരം ഇതിനകം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.**"

ജോലിസ്ഥലം : അക്കാദമിക് തസ്തികകൾക്കും അഡ്മിനിസ്ട്രേറ്റീവ് തസ്തികകള്ക്കും ജോലിസ്ഥലം തുഞ്ചത്തെഴു ത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി കാമ്പസ് , തിരൂർ, മലപ്പുറം ജില്ല, കേരള സ്റ്റേറ്റ് ആയിരിക്കും.
സീനിയർ ഫെലോ (ടെക്നിക്കൽ) തസ്തികകളുടെ ജോലിസ്ഥലം സി.ഐ.ഐ.എൽ മൈസൂരു ആയിരിക്കും.
മേൽപ്പറഞ്ഞ എല്ലാ തസ്തികകളിലേക്കും തെരഞ്ഞെടുപ്പിനുള്ള ഇന്റർവ്യൂ വേദിയും സ്ഥലവും : യോഗ്യരായ ഉദ്യോഗാർത്ഥികളെയും ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെയും അറിയിക്കുന്നതാണ്.

സെന്റർ ഓഫ് എക്സലൻസ് ഫോർ സ്റ്റഡീസ് ഇൻ ക്ലാസിക്കൽ മലയാളത്തിലേക്ക് മുകളിൽ സൂചിപ്പിച്ച എല്ലാ തസ്തികകളിലേക്കുമുള്ള വിശദ വിജ്ഞാപനം :

Sl. No	തസ്തികയുടെ പേര്	തസ്തികകളുടെ എണ്ണം	പ്രതിമാസ വേതനം (ഏകീകൃതം)	പ്രായപരിധി	വിദ്യാഭ്യാസ, അവശ്യ യോഗ്യതകൾ	
അക്കാദമിക് തസ്തികകൾ						
1	സീനിയർ ഫെലോ (അക്കാദമിക്)	04	41,000	60 വയസ്സ് കവിയരുത്	**വിദ്യാഭ്യാസ യോഗ്യതകൾ :**	**പ്രവൃത്തി പരിചയം :** 1) ഏതെങ്കിലും

					മലയാളഭാഷ (ഭാഷ,സാഹിത്യം, സംസ്കാരം) യിലോ മലയാള ഭാഷയുമായി ബന്ധപ്പെട്ട് ഭാഷാശാസ്ത്രത്തിലോ ഉള്ള ഡോക്ടറേറ്റ് ബിരുദത്തോടൊപ്പം മലയാള ഭാഷയിൽ വ്യക്തമായ പ്രവൃത്തി പരിചയവും അംഗീകൃത സർവ്വകലാശാലയിൽ നിന്നും അതേ വിഷയത്തിൽ 55%ൽ കുറയാത്ത മാർക്കോടുകൂടി ലഭിച്ച ബിരുദം.	അംഗീകൃത യൂണിവേഴ്സിറ്റികളിലോ, കോളേജുകളിലോ, സമാന സ്ഥാപനങ്ങളിലോ ഉള്ള 5 വർഷത്തിൽ കുറയാത്ത അധ്യാപന ഗവേഷണ പരിചയം. 2) മലയാളത്തെക്കുറിച്ച് പ്രത്യേകിച്ച് ക്ലാസിക്കൽ മലയാളത്തെക്കുറിച്ച് മലയാള ഭാഷയിലെഴുതിയ ഏറ്റവും കുറഞ്ഞത് 10 പ്രസിദ്ധീകരണങ്ങളും 5 പ്രബന്ധങ്ങളും 3) കമ്പ്യൂട്ടർ പരിജ്ഞാനം

						4) ഫീൽഡ് വർക്ക് ഏറ്റെടുക്കാനുള്ള പരിചയം
2	സീനിയർ ഫെലോ (സാങ്കേതികം)	01	41,000*	40 വയസ്സ് കവിയരുത്	**വിദ്യാഭ്യാസ യോഗ്യതകൾ :** അംഗീകൃത സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസിലോ ഇലക്ട്രോണിക്സിലോ ലഭിച്ചിട്ടുള്ള ബി.ടെക് /എം.ടെക്/ എം.സി.എ അഥവാ തത്തുല്യമായ ബിരുദം **അഭിലഷണീയമായ യോഗ്യതകൾ :** 1)വെബ് ഡെവലമെന്റിൽ പ്രവൃത്തി പരിചയം.	**പ്രവൃത്തി പരിചയം :** 1) വെബ് ഡെവലമെന്റ് അഥവാ ഡേറ്റായിലെ (മുഖ്യമായും PHP/MysQL/ HTML/CSC/ ജാവ സ്ക്രിപ്റ്റ് സ്റ്റാക് എന്നിവ) പ്രവൃത്തി പരിചയം 2) ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ്. 3) മലയാള ഭാഷയിൽ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

					2) സിഎംഎസ് / ഡേറ്റാബേസ് മാനേജ്മെന്റ് ഇവയിലെ പ്രായോഗിക പരിചയം 3) നേതൃപാടവവും ഏറ്റെടുക്കുന്ന കൃത്യവുമായി ബന്ധപ്പെട്ട് അനുയോജ്യമായ തീരുമാനങ്ങളെടുക്കുവാനുള്ള കഴിവും	
3	അസോസിയേറ്റ് ഫെലോ (അക്കാദമിക്)	09	37,000	55 വയസ്സ് കവിയരുത്	മലയാളഭാഷ (ഭാഷ,സാഹിത്യം, സംസ്കാരം) യിലോ മലയാള ഭാഷയുമായി ബന്ധപ്പെട്ട് ഭാഷാശാസ്ത്രത്തി	**പ്രവൃത്തി പരിചയം :** 1) ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റികളിലോ, കോളേജുകളിലോ,

					ലോ ഉള്ള ഡോക്ടറേറ്റ് ബിരുദത്തോടൊപ്പം മലയാള ഭാഷയിൽ വ്യക്തമായ പ്രവൃത്തി പരിചയവും അംഗീകൃത സർവ്വകലാശാലയിൽ നിന്നും അതേ വിഷയത്തിൽ 55%ൽ കുറയാത്ത മാർക്കോടുകൂടി ലഭിച്ച ബിരുദം.	സമാന സ്ഥാപനങ്ങളിലോ ഉള്ള 3 വർഷത്തിൽ കുറയാത്ത അധ്യാപന ഗവേഷണ പരിചയം. 2) മലയാളത്തെക്കുറിച്ച് പ്രത്യേകിച്ച് ക്ലാസിക്കൽ മലയാളത്തെക്കുറിച്ച് മലയാള ഭാഷയിലെഴുതിയ ഏറ്റവും കുറഞ്ഞത് 5 പ്രസിദ്ധീകരണങ്ങളും 3 പ്രബന്ധങ്ങളും 3) കമ്പ്യൂട്ടർ പരിജ്ഞാനം 4) ഫീൽഡ് വർക്ക് ഏറ്റെടുക്കാനുള്ള പരിചയം
4	അസോസി	01	37,000	55 വയസ്സ്	വിദ്യാഭ്യാ	പ്രവൃത്തി

	യേറ്റ് ഫെലോ (വിവർത്തകർ)			കവിയരുത്	**സ യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും 55%ൽ കുറയാത്ത മാർക്കോടുകൂടി ഇംഗ്ലീഷ്/ഹിന്ദി/ ഭാഷാശാസ്ത്രം/ മലയാളം ഇവയിലേതെങ്കിലും ഉള്ള ബിരുദാനന്തര ബിരുദം **അഭിലഷണീയമായ യോഗ്യതകൾ:** 1)വിവർത്തനത്തിലും ഗവേഷണത്തിലുമുള്ള പരിചയം 2)കമ്പ്യൂട്ടർ പ്രവൃത്തിപരിചയം (മലയാളം/ ഇംഗ്ലീഷ് അഥവാ	**പരിചയം :** 1) മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്കോ, ഹിന്ദിയിലേക്കോ അക്കാദമിക പാഠങ്ങൾ വിവർത്തനം ചെയ്തുള്ള പ്രവൃത്തിപരിചയം. 2) ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ്.

					ഹിന്ദി ഭാഷയിൽ വേഗത്തിൽ ടൈപ്പു ചെയ്യാനുള്ള കഴിവ്)	
അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ						
1	ഓഫീസ് സൂപ്രണ്ട് / സൂപ്പർ വൈസർ (അഡ്മിനിസ്ട്രേഷൻ)	01	37,800	45 വയസ്സ് കവിയരുത്. എന്നിരുന്നാലും / ഗവൺമെൻറ് / സെമി ഗവൺമെൻറ് / ഓട്ടോണോമസ് / പി.എസ്.യു എന്നിവിടങ്ങളിൽ നിന്നും വിരമിച്ചവർക്ക് 62 വയസ്സ് വരെയാകാം.	1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. 2) സെൻട്രൽ/ സ്റ്റേറ്റ് ഗവൺമെന്റ് ഓഫീസ് / ഓട്ടോണോമസ് സ്ഥാപനങ്ങൾഎന്നിവടങ്ങളിൽനിന്നും എസ്റ്റാബ്ലിഷ്മെന്റ് & അക്കൗണ്ട്സ് പ്രവൃത്തികളിലുള്ള 10 വർഷത്തെ പ്രവൃത്തി	1) കേന്ദ്ര സർക്കാരിന്റെ ചട്ടങ്ങളെകുറിച്ചുള്ള അറിവ് അഭികാമ്യം.

					പരിചയം. 3) കമ്പ്യൂട്ടർ പരിജ്ഞാനം.	
2	അസിസ്റ്റന്റ് ഗ്രേഡ് -1 (അക്കൗണ്ട്സ് / അഡ്മിൻ) യു.ഡി.സി.	01	27,200	45 വയസ്സ് കവിയരുത്.	1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. 2) ലോവർ ഡിവിഷൻ ക്ലർക്ക് / അസിസ്റ്റന്റ് തസ്തികയിൽ അക്കൗണ്ട്സ് / എസ്റ്റാബ്ലിഷ്മെൻറിൽ 5 വർഷത്തെ പ്രവൃത്തി പരിചയം. 3) മലയാളത്തിലും ഇംഗ്ലീഷിലും കമ്പ്യൂട്ടർ ടൈപ്പിങ്ങിലുള്ള അറിവ്. 4) എം.എസ്	കുറഞ്ഞത് 3-5 വർഷത്തെ സമാന തസ്തികയിലെ പ്രവൃത്തി പരിചയം അഭികാമ്യം.

					വേഡ്, എക്സൽ, സ്പ്രെഡ് ഷീറ്റ് മുതലായ കമ്പ്യൂട്ടർ പാക്കേജുകളിലുള്ള പ്രവൃത്തി പരിചയം.	
3	അസിസ്റ്റന്റ്- ഗ്രേഡ് – II (അക്കൗണ്ട്സ് / അഡ്മിൻ) എൽഡിസി	02	21,200	40 വയസ്സ് കവിയരുത്	1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. 2) ലോവർ ഡിവിഷൻ ക്ലർക്ക് / അസിസ്റ്റന്റ് തസ്തികയിൽ അക്കൗണ്ട്സ് / എസ്റ്റാബ്ലിഷ്മെന്റിൽ 2 വർഷത്തെ പ്രവൃത്തി പരിചയം. 3) മലയാളത്തിലും ഇംഗ്ലീഷിലും	കുറഞ്ഞത് 1-2 വർഷത്തെ സമാന തസ്തികയിലെ പ്രവൃത്തി പരിചയം അഭികാമ്യം

					കമ്പ്യൂട്ടർ ടൈപ്പിങ്ങിലുള്ള അറിവ്. 4) എം.എസ് വേഡ്, എക്സൽ, സ്പ്രെഡ് ഷീറ്റ് മുതലായ കമ്പ്യൂട്ടർ പാക്കേജുകളിലുള്ള പ്രവൃത്തി പരിചയം.	
4	ലൈബ്രറി അസിസ്റ്റൻറ്	01	27,200	45 വയസ്സ് കവിയരുത്	1) അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള ബിരുദം. ലൈബ്രറി സയൻസിലെ ബിരുദം അഭികാമ്യം 2) മലയാളത്തിലും ഇംഗ്ലീഷിലും കമ്പ്യൂട്ടർ ടൈപ്പിങ്ങിലുള്ള അറിവ്. 3) എം.എസ് വേഡ്, എക്സൽ,	കുറഞ്ഞത് 2-3 വർഷത്തെ സമാന തസ്തികയിലെ പ്രവൃത്തി പരിചയം അഭികാമ്യം

					സ്പ്രെഡ് ഷീറ്റ് മുതലായ കമ്പ്യൂട്ടർ പാക്കേജുകളിലുള്ള പ്രവൃത്തി പരിചയം.	
5	എംടിഎസ്	01	19,200	40 വയസ്സ് കവിയരുത്	1) കുറഞ്ഞത് പിയുസി ജയിച്ചിരിക്കണം 2) കമ്പ്യൂട്ടർ, പ്രിന്റർ പ്രവർത്തനം ഇവയിലെ അറിവ് അഭികാമ്യം	

* ഈ തസ്തികയിൽ ജോലി സ്ഥലം സി.ഐ.ഐ.എല്, മൈസൂർ 570006 ആയിരിക്കും.